# കേരള സർക്കാർ
# വിദ്യാഭ്യാസ വകുപ്പ്

## എസ്.എസ്.എൽ.സി സേ പരീക്ഷ
## മേയ് – 2018

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം –12**

ഇ.എക്സ്/സി.ജി.എൽ(1)/17023/2018/സി.ജി.ഇ

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം.**
**തീയതി : 05/05/2018**

# വിജ്ഞാപനം

വിഷയം : എസ്.എസ്.എൽ.സി 2018 സേവ് എ ഇയർ (''സേ'') പരീക്ഷ മേയ് 2018 നടത്തിപ്പ്- സംബന്ധിച്ച്.

സൂചന : ജി.ഒ.(എം.എസ്) 67/2014 പൊ.വി.വ. തീയതി 25.04.2014

2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 2 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി + ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമായി സേവ് എ ഇയർ (''സേ'') പരീക്ഷ നടത്തുന്നത്. 2018 മേയ് മാസം 21 മുതൽ 25 വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് ''സേ'' പരീക്ഷ നടത്തുന്നത്. മാതൃക അപേക്ഷ ഫോറവും ടൈംടേബിളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

**''സേ'' പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. 2018 മാർച്ചിൽ റഗുലർ വിഭാഗത്തിൽ (SGC,ARC, CCC RAC) പരീക്ഷ എഴുതി പരമാവധി രണ്ടു വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ സേവ് എ ഇയർ (''സേ'') പരീക്ഷ എഴുതുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

2. പ്രസ്തുത പരീക്ഷയിൽ പരമാവധി രണ്ടു പേപ്പറുകൾക്കു ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെ വന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.

3. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. എന്നാൽ അപേക്ഷ വിദ്യാർത്ഥി പരീക്ഷ എഴുതിയ സെന്ററിൽ നൽകിയാൽ മതിയാകും.

4. SGC വിഭാഗത്തിന് ഐ.റ്റി പരീക്ഷയിൽ തിയറിയും, പ്രാക്ടിക്കലും ചേർത്തായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. ഇവർക്ക് ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒരു പരീക്ഷാ സെന്റർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രത്യേകം അറിയിക്കുന്നതാണ്.

5. 2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് 'സേ' പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

6. ഗൾഫ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും 'സേ' പരീക്ഷ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിലേയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. 'സേ' പരീക്ഷയ്ക്ക് പുനർ മൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.

8. മാർച്ചിൽ നടന്ന പൊതു പരീക്ഷയ്ക്ക് പരീക്ഷാർത്ഥിത്വം ക്യാൻസൽ ചെയ്തവർക്ക് 'സേ' പരീക്ഷയ്ക്കിരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

9. കൂടാതെ 2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

10. 'സേ' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.

11. 'സേ' പരീക്ഷയ്ക്ക് അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിനർഹത നേടിയതായിക്കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.

12. IED വിദ്യാർത്ഥികൾക്ക് മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച ആനുകൂല്യം 'സേ' പരീക്ഷയ്ക്കും ലഭിക്കുന്നതാണ്. ഇതിനായി ഡി.പി.ഐ-യിൽ നിന്നും ലഭിച്ച ഉത്തരവിന്റെ കോപ്പി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**2018 ലെ എസ്.എസ്.എൽ.സി. 'സേ' പരീക്ഷ തീയതിയും സമയവും**

| തീയതി | സമയം | വിഷയം |
|---|---|---|
| 21/05/2018<br>തിങ്കൾ | രാവിലെ 10.00 മുതൽ<br>11.45 വരെ | **ഒന്നാംഭാഷ- പാർട്ട് I**<br>മലയാളം/തമിഴ്/കന്നട<br>ഉറുദു/ഗുജറാത്തി/<br>അഡീ.ഇംഗ്ലീഷ്/അഡീ.ഹിന്ദി/<br>സംസ്കൃതം (അക്കാഡമിക്)/<br>സംസ്കൃതം ഓറിയന്റൽ- ഒന്നാം<br>പേപ്പർ (സംസ്കൃത സ്കൂളുകൾക്ക്)<br>അറബിക് (അക്കാഡമിക്)/<br>അറബിക് ഓറിയന്റൽ- ഒന്നാംപേപ്പർ<br>(അറബിക് സ്കൂളുകൾക്ക്)<br>ഗുജറാത്തി. |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30 വരെ | **ഫിസിക്സ്** |
| 22/05/2018<br>ചൊവ്വ | രാവിലെ 10.00 മുതൽ<br>12.45 വരെ | **കണക്ക്** |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30 വരെ | **ഒന്നാം ഭാഷ പാർട്ട് II**<br>മലയാളം/തമിഴ്/കന്നട/<br>സ്പെഷ്യൽ ഇംഗ്ലീഷ്/<br>ഫിഷറീസ് സയൻസ് (ഫിഷറീസ്<br>ടെക്നിക്കൽ സ്കൂളുകൾക്ക്)/<br>അറബിക് ഓറിയന്റൽ- രണ്ടാം<br>പേപ്പർ (അറബിക് സ്കൂളുകൾക്ക്)/<br>സംസ്കൃതം ഓറിയന്റൽ- രണ്ടാം<br>പേപ്പർ(സംസ്കൃതം സ്കൂളുകൾക്ക്) |
| 23/05/2018<br>ബുധൻ | രാവിലെ 10.00 മുതൽ<br>12.45 വരെ | ഇംഗ്ലീഷ് |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30 വരെ | ബയോളജി |
| 24/05/2018<br>വ്യാഴം | രാവിലെ 10.00<br>മുതൽ 12.45 വരെ | സോഷ്യൽ സയൻസ് |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30 വരെ | ഹിന്ദി/ജനറൽ നോളഡ്ജ് |
| 25/05/2018<br>വെള്ളി | രാവിലെ 09.30 മുതൽ<br>11.15 വരെ | കെമിസ്ട്രി |
| | ഉച്ചയ്ക്കുശേഷം<br>2.30 മുതൽ 3.30 വരെ | ഇൻഫർമേഷൻ ടെക്നോളജി |

- **ആദ്യത്തെ 15 മിനിട്ട് കൂൾ ഓഫ് ടൈം ആയിരിക്കും**

**പരീക്ഷാഫീസ് ഓരോ പേപ്പറിനും 100/- രൂപ**

അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം പരീക്ഷ എഴുതി ലഭിച്ചിട്ടുള്ള ഗ്രേഡ് വ്യക്തമാക്കുന്ന കമ്പ്യൂട്ടർ പ്രിന്റൗട്ടും 2018 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്.

പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാഫീസ് പണമായോ ചെക്കായോ മറ്റു വിധത്തിലോ പരീക്ഷാഭവനിലേക്ക് അയയ്ക്കുവാൻ പാടില്ല. പരീക്ഷാർത്ഥികൾ 2018 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് പരീക്ഷാഫീസ് അപേക്ഷയോടൊപ്പം പണമായി നൽകേണ്ടതാണ്. അപേക്ഷാഫാറം പരീക്ഷാഭവന്റെ www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹാൾടിക്കറ്റ് വിതരണം

'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ ഹാൾ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് മേയ് 19-ാം തീയതിയ്ക്ക് മുമ്പ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതാണ്. രണ്ടിൽ കൂടുതൽ വിഷയങ്ങൾ പരീക്ഷ എഴുതുന്നവർക്ക് blank Hall ticket download ചെയ്തെടുത്ത് പരീക്ഷാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാണ് വിതരണം ചെയ്യേണ്ടത്. 2018 മാർച്ചിൽ എസ്.എസ്.എൽ.സി പരിക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പർ തന്നെയാണ് സേ പരീക്ഷയുടെയും രജിസ്റ്റർ നമ്പർ.

## സർട്ടിഫിക്കറ്റ്

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2018 മാർച്ചിലെ സർട്ടിഫിക്കറ്റിനു പകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേനയാണ് 'സേ' പരീക്ഷ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. ഇതിനായി പഴയ സർട്ടിഫിക്കറ്റുകൾ അതാതു പരീക്ഷാകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം പരീക്ഷാർത്ഥികൾ 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ ചേർക്ക് തിരികെ രജിസ്റ്റേഡായി അയയ്ക്കേണ്ടതാണ്.

**<u>അപേക്ഷകളുടെ രജിസ്ട്രേഷൻ</u>**

അനുബന്ധം "എ" ആയി ചേർത്തിരിക്കുന്ന അപേക്ഷാ ഫോറമാണ് സേ പരീക്ഷയുടെ രജിസ്ട്രേഷനായി ഉപയോഗിക്കേണ്ടത്. 2018 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂളിൽ **<u>07-05-2018 തിങ്കളാഴ്ച മുതൽ 10-05-2018 വ്യാഴാഴ്ച 1 മണിക്കു</u>** മുമ്പായി നൽകേണ്ടതാണ്. ഓരോ സ്കൂളിനും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുമിച്ച് ബന്ധപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിൽ **<u>11-05-2018 വെള്ളിയാഴ്ച 12</u>** മണിക്കു മുമ്പായി സമർപ്പിക്കണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ് പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നത്. അപ്രകാരം തെരഞ്ഞെടുത്ത സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫാറം സ്വീകരിച്ച് 14-05-2018 മുതൽ 16-05-2018 വരെ പരീക്ഷാഭവൻ സെർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതും, **പ്രിന്റെടുത്ത് മേയ് 19-ാം തീയതിയ്ക്കകം പരീക്ഷാഭവനിൽ എത്തിക്കേണ്ടതുമാണ്.**

രണ്ടിൽ കൂടുതൽ പേപ്പറുകൾ എഴുതുന്നതിനായി സേ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരുടെ വിവരങ്ങൾ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ അനുബന്ധം 'സി' ആയി നൽകിയിട്ടുള്ള ഫോറത്തിൽ രേഖപ്പെടുത്തി **11-05-2018 വൈകുന്നേരം 6 മണിക്ക്** മുമ്പായി cgeasection@gmail.com എന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പരീക്ഷ എഴുതുന്നവർക്ക് കൂടി ആവശ്യമായ ചോദ്യപേപ്പറുകളുടെ ആകെ എണ്ണമാണ് Question Paper Statement -ൽ രേഖപ്പെടുത്തേണ്ടത്. രണ്ടിൽ കൂടുതൽ പേപ്പർ എഴുതുന്ന ആരും ഇല്ലെങ്കിൽ 'സി' ഫോറത്തിൽ Nil രേഖപ്പെടുത്തി മെയിൽ ചെയ്യേണ്ടതാണ്.

സേ പരീക്ഷാ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ഓരോ സ്കൂൾ പ്രഥമാദ്ധ്യാപകനും സേ പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടും ഉറപ്പാക്കേണ്ടതുമാണ്.

പരീക്ഷ എഴുതുന്നവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 'ബി' ആയി നൽകിയിരിക്കുന്ന കൺസോളിഡേറ്റ് ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റുമെന്റിൽ തയ്യാറാക്കി സേ പരീക്ഷാകേന്ദ്രം സൂപ്രണ്ട് 11-5-2018 വൈകുന്നേരം 5 മണിക്കുമുമ്പായി cgeasection@gmail.comഎന്ന അഡ്രസ്സിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്.

CCC/ARC/RAC വിഭാഗത്തിൽ ആരും തന്നെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കൺസോളിഡേറ്റ് ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത വിഭാഗങ്ങൾക്ക് നൽകിയിരിക്കുന്ന കോളത്തിൽ നിർബന്ധമായും Nil എന്നു രേഖപ്പെടുത്തേണ്ടതാണ്. സേ പരീക്ഷ നടത്തിയതിന് ശേഷം ബാക്കിയുള്ള തുക 0202-01-102-99 എന്ന ശീർഷകത്തിൽ ട്രഷറിയിലടക്കേണ്ടതാണ്. ചലാൻ രസീതിന്റെ കോപ്പിയും വരവ് ചെലവ് കണക്കുകളും പരീക്ഷാ ഭവനിലേക്ക് അയയ്ക്കേണ്ടതുമാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

**ലാൽ.കെ.ഐ**
**സെക്രട്ടറി**

## അനുബന്ധം – എ

## എസ്.എസ്.എൽ.സി. ('സേ') പരീക്ഷ – മേയ് 2018 സേവ് എ ഇയർ അപേക്ഷാഫാറം

പരീക്ഷാർത്ഥി ഉൾപ്പെടുന്ന വിഭാഗം (✓)ചെയ്യുക :

1. 'സേ'പരീക്ഷാകേന്ദ്രത്തിന്റെ നമ്പരും പേരും
   (ഹെഡ്മാസ്റ്റർ പൂരിപ്പിക്കേണ്ടത്) :
2. പരീക്ഷാർത്ഥിയുടെ പേര് :
3. 2018 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ :
4. പരീക്ഷ എഴുതുന്ന മാധ്യമം :
5. 2018 മാർച്ചിൽ പരീക്ഷ എഴുതിയ സെന്ററിന്റെ
   നമ്പറും പേരും :
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** :
   (2018 മാർച്ചിലെ പരീക്ഷയ്ക്ക് ഡി+ ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ)

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | ലഭിച്ച ഗ്രേഡ് (03/2018) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2018 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം ഗുരുതരമായ രോഗം പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് രണ്ടിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. IED വിഭാഗത്തിൽപ്പെടുന്നുണ്ടോ : ഉണ്ട്/ഇല്ല
8. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും

(ഡിപി.ഐയുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്) :

9. പരീക്ഷാഫീസ് : (രൂപ മാത്രം)
10. രക്ഷകർത്താവിന്റെ പേര് :

11. പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

---

മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ എന്തെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടോ ?
3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും

(ഡിപി.ഐ-യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്) :

അപേക്ഷ പരിശോധിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

ഹെഡ്മാസ്റ്ററുടെ ഒപ്പ്

---

സേ പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ് :
3. അനുവദിച്ച രജിസ്റ്റർ നമ്പർ : [ ]
4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ് :

**ANNEXURE – B**
**SSLC SAY EXAMINATION MAY 2018**
**QUESTION PAPER STATEMENT**
**(GRADING SYSTEM Regular candidates)**

Name of Centre : Centre No:

Name of DEO :

| Subject | No.of Question paper required | Medium |
|---|---|---|
| First Language Part I Malayalam/Tamil/Kannada/Sanskrit/Urdu/ Gujarati/Additional English/Additional Hindi/Sanskrit (Academic)/Sanscrit (Oriental) Paper I (for sanskrit Schools) Arabic (Academic)/Arabic Oriental Paper I (for Arabic Schools) | | |
| First Language Paper II Malayalam/Tamil/Kannada/Special English/Fisheries Schiece (for Fisheries Technical Schools)/Arabic Oriental Paper II (for Arabic Schools)/Sanskrit Oriental Paper II (for Sanskrit Schools) | | |
| Second Language English | | |
| Third Language Hindi/General Knowledge | | |
| Social Science | | |
| Mathematics | | |
| Physics | | |
| Chemistry | | |
| Biology | | |
| Information Technology | | |

Signature of Superintendent/Principal

## ANNEXURE-C

# SSLC SAY EXAMINATION 2018

## LIST OF CANDIDATES APPEARING FOR MORE THAN TWO PAPERS

| Sl. No | Reg.No March 2018 | Name of Candidate | First Language (Specify Language | Put (✓) mark in appropriate Colomn | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | Part I | Part II | II Lan | III Lan | Subjects | | | | | |
| | | | | | English | Hindi/GS | SS | Physics | Chemistry | Biology | Maths | IT |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

Place:

Date: Name & Signature of Chief Superintendent

| Name of SSLC Say Examination Centres 2018 | | | |
|---|---|---|---|
| **Sl.No** | **Centre Code** | **School Name** | **DEO** |
| 1 | 11020 | Govt.HSS Kumbala | Kasaragod |
| 2 | 11002 | Govt.HSS Kasaragod | |
| 3 | 12004 | Govt.HSS Hosdurg | Kanhangad |
| 4 | 13013 | Chovva HSS, Melechovva | Kannur |
| 5 | 14001 | St.Joseph's HSS Thalassery | Thalassery |
| 6 | 15006 | GVHSS Manathavady | Wayanad |
| 7 | 15027 | GVHSS Kalpetta | |
| 8 | 15053 | GSV HSS Sulthan Bathery | |
| 9 | 16002 | St.Antony's GHS Vadakara | Vadakara |
| 10 | 17003 | Govt.VHSS Meenchanda | Kozhikode |
| 11 | 17016 | BEM Girls HSS Kozhikode | |
| 12 | 18008 | GVHSS Kondotty | Malappuram |
| 13 | 18021 | GBHSS Manjery | |
| 14 | 19018 | GHSS Ezhoor | Tirur |
| 15 | 19040 | GHSS Kuttippuram | |
| 16 | 19020 | GVHSS for Girls Tirur | |
| 17 | 20035 | GHSS Ottappalam East | Ottappalam |
| 18 | 20002 | GHSS Vattenad | |
| 19 | 21041 | GVGHSS Chittur | Palakkad |
| 20 | 21012 | GGHSS Alathur | |
| 21 | 21026 | GVHSS Nemmara | |
| 22 | 21054 | GMMGHSS Palakkad | |
| 23 | 22050 | St.Thomas College HSS Thrissur | Thrissur |
| 24 | 23021 | Govt.Model Boys HS Irinjalakkuda | Irinjalakkuda |
| 25 | 24049 | LFGHS Mammiyoor | Chavakkad |
| 26 | 24033 | GBHSS Vadakkanchery | |
| 27 | 25011 | St.Mary's HSS Aluva | Aluva |
| 28 | 26056 | SDPY BHSS Palluruthy | Ernakulam |
| 29 | 26084 | St.Antony's HSS Kacherippady | |
| 30 | 27003 | MGMHSS Kuruppanpady | Kothamangalam |
| 31 | 28004 | Govt.Model HSS Moovattupuzha | Muvattupuzha |
| 32 | 29025 | GHSS Thodupuzha | Thodupuzha |
| 33 | 30001 | GVHSS Munnar | Kattappana |
| 34 | 30020 | St.George HS Kattappana | |
| 35 | 31086 | Mahatma Gandhi GHSS Pala | Pala |